(*c*) That the appliances (the wall maps of Travancore were included in the term 'the appliances') were available for purchase at the Vanivilasam Publishing House, Karamanai, Trivandrum, and also from Mr. R. Brahmanayagam Pillai, Trivandrum.

(*d*) The action of the Inspector of Vernacular Schools was not in accordance with the explicit orders of the head of the department in the matter.

(*e*) The Director of Public Instruction.

(*f*) Though the Inspector of Vernacular Schools withdrew the instructions issued to his subordinate officers *vide* (*c*) above, and issued fresh instructions prescribing Mr. Brahmanayagam Pillai's map for use in the Vernacular Schools, as subsequently ordered from the Director's Office, his original action was not regular.

(*g*) The Government accepted the explanation of the Inspector of Vernacular Schools in the matter.

*Appointment of Devasya Joseph as a permanent runner in the Trivandrum Anchal Office.*

13. ***Mr. N K. Padmanabha Pillai** (*Neyyattinkara* cum *Nedumangad*): Will the Government be pleased to state whether the Anchal Superintendent has appointed one Devasya Joseph, outsider, as a permanent runner in the Trivandrum Anchal Office, when there were experienced volunteers even from the depressed classes waiting outside without work; and if so, whether there was any special reason for the same?

**Mr E. I. Mathew** (*Anchal Superintendent*): The answer to the first part of the interpellation is in the negative. The second part does not therefore arise.

**Mr. J. John Kattakayam** (*Muvattupuzha* cum *Todupuzha*): അഞ്ചൽ ഓട്ടക്കാരിൽ കത്തോലിക്ക്സമുദായത്തിൽ പെട്ടവർ എത്രപേരുണ്ടെന്നറിയാമോ?

**Mr. E I. Mathew:** നാലുപേരുണ്ട്.

**Mr. J. John Kattakayam:** അതിൽ അധഃകൃതസമുദായത്തിൽപെട്ടവർ എത്രപേരുണ്ട്?

**Mr. E. I. Mathew:** അധഃകൃതരെ ക്രൂടാതെയാണു് നാലു പേർ ഉണ്ടെന്നു പറഞ്ഞതു്.

**Mr. J. John Kattakayam:** അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗനിയമനത്തിൽ കത്തോലിക്കരുടെ ആവശ്യതകളെ പരിഹരിക്കണമെന്നു് മെമ്പർ വിചാരിക്കുന്നുണ്ടോ?

**Mr. E. I. Mathew:** അതു് ഗവണ്മെൻറിൽനിന്നും ആലോചിക്കേണ്ട ഒരു സംഗതിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

**Mr J. John Kattakayam:** അഞ്ചൽസൂപ്രണ്ട് ക്രസ്ത്യീയ സമുദായത്തിന്റെ ഏതു ഭാഗത്തിൽപെട്ട ആളാണ് എന്ന് പറയാമോ?

**Mr. E. I. Mathew:** പ്രോട്ടസ്റ്റന്റ് വിഭാഗത്തിൽപെട്ടയാളാണ്.

**Mr. J. John Kattakayam:** കത്തോലിക്കർക്ക് പ്രോട്ടസ്റ്റന്റുകാരുമായി വല്ല ചാർച്ചക്കുറവുമുണ്ടോ?

**Mr. E. I. Mathew:** സാധാരണ ചാർച്ചയൊന്നുമില്ല.

*Lady clerks in the Anchal Department.*

14. ***N. K. Padmanabha Pillai:** Will the Government be pleased to state the names of the lady clerks in the Anchal Department (acting, S. P. T. and permanent), with the dates of their first entertainment, qualification, and present pay, in each case?

**Mr. E. I. Mathew:** A statement* furnishing the information is laid on the table.

**Mr. J. John Kattakayam:** അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ സ്ഥിരക്കാരായി എത്ര സ്ത്രീകൾ ഉണ്ട്?

**Mr. E. I. Mathew:** അഞ്ചു പേർ ഉണ്ട്.

**Mr. J. John Kattakayam:** അതിൽ ക്രസ്ത്യാനികളായി എത്ര സ്ത്രീകളുണ്ട്?

**Mr. E. I. Mathew:** ഒരാൾ ഉണ്ട്.

**Mr. J. John Kattakayam:** മിസ്സ്. മേരിജാൺ എന്നസ്ത്രീയെ സ്ഥിരപ്പെടുത്തിയത് ഏതു അഞ്ചൽ സൂപ്രണ്ടിന്റെ കാലത്താണ്?

**Mr. E. I. Mathew:** മിസ്റ്റർ. നാഗൻപിള്ളയുടെ കാലത്താണ്.

**Mr. J. John Kattakayam:** അവർ ഡിപ്പാർട്ടുമെന്റൽ പരീക്ഷ പാസാകണമെന്നുള്ളതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

**Mr. E. I. Mathew:** അതിനെപ്പറ്റി ഗവണ്മെന്റിലേക്ക് എഴുതി അയച്ചിട്ടുണ്ട്.

**Mr. J. John Kattakayam:** എത്രരൂപയാണ് അവർക്ക് ശമ്പളം?

**Mr. E. I. Mathew:** 40 രൂപായാണ് ശമ്പളം.

**Mr. J. John Kattakayam:** അങ്ങിനെ കൊടുത്തുതുടങ്ങിയിട്ട് എത്രകാലമായി?

**Mr. E. I. Mathew:** അതിന് നോട്ടീസ് വേണം.

* *Vide* Appendix III page 43.

LIBRARY ARCHIVES Kerala Legislative Assembly